ഉത്തരം

(എ) കാറ്റുവീഴ്ച, കൂമ്പുചീയൽ, ഓലചീയൽ, ചെന്നീരൊലിപ്പ്, മണ്ഡരി എന്നിവയാണ് തെങ്ങിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ. ഇതിൽ കാറ്റുവീഴ്ച ഒഴികെയുള്ള രോഗങ്ങൾ ഫലപ്രദമായി തടയുന്നതിന് സാങ്കേതിക വിദ്യ നിലവിലുണ്ട്. ഫൈറ്റോപ്ലാസ്മ എന്ന സൂക്ഷ്മാണുക്കളാണ് കാറ്റുവീഴ്ച രോഗം ഉണ്ടാക്കുന്നത്. ഇതു തടയുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങളൊന്നും നാളിതുവരെ കണ്ടുപിടിച്ചിട്ടില്ല. എന്നാൽ രോഗത്തിന്റെ പ്രാരംഭ ഘട്ടത്തിൽ മെച്ചപ്പെട്ട പരിചരണം നൽകി ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും.

ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിന് "കൃഷിയിൽ സ്ത്രീ പങ്കാളിത്തം" എന്ന പദ്ധതിവഴി വെളിച്ചെണ്ണ, ചിപ്സ് എന്നിവ ഉണ്ടാക്കുന്ന ചെറിയ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നു. കൂടാതെ സി.ഡി.ബി., സി.പി.സി.ആർ.ഐ. കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങൾ പ്രത്യേകം പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി, സി) സി.ഡി.ബി.-യുടെ സഹായത്തോടെ കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ 250 രൂപ ധനസഹായം നൽകി മുറിച്ചുമാറ്റുന്നതിന് ഹെക്ടറിന് 35,000 രൂപ നൽകി. കാറ്റുവീഴ്ച രോഗപ്രതിരോധ നടപടികൾക്ക് ഊന്നൽ നൽകുന്ന പരിചരണമുറകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും 20,000 രൂപ ഒരു യൂണിറ്റിന് സഹായം നൽകിക്കൊണ്ട് ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പദ്ധതി നടപ്പിലാക്കിവരുന്നു. ഓരോ പദ്ധതിയ്ക്കും ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ഉണ്ട്.

(ഇ) കോഴിക്കോട്, മലപ്പുറം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം, തൃശൂർ, തിരുവനന്തപുരം എന്നീ ജില്ലകളിൽ രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി ചെലവഴിച്ച തുക 11,85,73,500 രൂപ.

തെങ്ങിന്റെ കാറ്റുവീഴ്ച രോഗത്തിനും മണ്ഡരി രോഗത്തിനും ജൈവ ചികിത്സ

61 [2924] ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിന്റെ കാറ്റുവീഴ്ച രോഗത്തിനും മണ്ഡരി രോഗത്തിനും ഫലപ്രദമായ ജൈവ ചികിത്സ കണ്ടെത്തിയതായ റിപ്പോർട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ രോഗചികിത്സ കണ്ടെത്തിയ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ സസ്യ ശാസ്ത്രവിഭാഗം തലവൻ ഡോക്ടർ സി. മോഹൻകുമാറിന്റെ കണ്ടുപിടുത്തത്തിന്റെ ശാസ്ത്രീയ വശം പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ ചികിത്സാരീതിയ്ക്ക് വ്യാപകമായ പ്രചരണം കർഷകരുടെ ഇടയിൽ ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ ചികിത്സാരീതി ഫലപ്രദമെങ്കിൽ അതിനെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി, ഡി) ഈ ചികിത്സാരീതി കാർഷികസർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രത്തിലെ തെങ്ങിൻതോട്ടങ്ങളിലും കർഷകരുടെ തോട്ടങ്ങളിലും പരീക്ഷിച്ചുനോക്കി ഫലപ്രദമാണെന്ന് കണ്ടെത്തിയാൽ മാത്രമേ പ്രോത്സാഹിപ്പിക്കാനുള്ള നടപടി സ്വീകരിക്കാനാവൂ.

വിത്തുതേങ്ങ സംഭരണം

62 [2925] ശ്രീ. ബിനോയ് വിശ്വം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിത്തുതേങ്ങ സംഭരണത്തിന് കൃഷിവകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കുറ്റ്യാടി, തൊട്ടിൽപ്പാലം മേഖലയിൽ നിന്നാണ് മികച്ച വിത്തുതേങ്ങ ലഭിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2003-2004-ൽ ഈ മേഖലയിൽനിന്നും എത്രലക്ഷം വിത്ത് തേങ്ങയാണ് ശേഖരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഓരോ സീസണിലും വിത്തുതേങ്ങ ശേഖരിക്കുന്ന സ്ഥലം മുൻകൂട്ടി തീരുമാനിക്കാറുണ്ടോ; ഉണ്ടെങ്കിൽ അടുത്ത സീസണിലെ വിത്തുതേങ്ങ ശേഖരിക്കുന്ന സ്ഥലം ഏതാണെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) കുറ്റ്യാടി മേഖലയിൽനിന്നും ഇനിമുതൽ വിത്തുതേങ്ങ ശേഖരിക്കേണ്ടതില്ല എന്ന തീരുമാനം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(എഫ്) കൃഷി ഡയറക്ടറുടെ 7-6-04-ലെ ടി. എച്ച്. (2) 19424/04 നമ്പർ സർക്കുലർ പ്രകാരം കുറ്റ്യാടി മേഖലയിലെ വിത്തുതേങ്ങ ശേഖരണയോഗ്യമല്ല എന്ന സൂചനയിൻമേലുള്ള ജനങ്ങളുടെ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാടെന്താണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly